എഡ്‌വേർഡ് പെറൊനെ 1726–ൽ ഇംഗ്ലണ്ടിലെ കെന്റിൽ ജനിച്ചു. പിതാവ് ഒരു വൈദികനായിരുന്നു. ആംഗ്ലിക്കൽ സഭയിൽ ഒരു വൈദികനായി ശുശ്രൂഷ ആരംഭിച്ച എഡ്‌വേർഡ്, മെതഡിസ്റ്റ് സഭയുമായി ബന്ധപ്പെട്ട് ഏറെ കഷ്ടതകൾ സഹിച്ചു. ഒരിക്കൽ അദ്ദേഹം തല്ല് കൊണ്ട് ചേറ്റിലും ചെളിയിലും തള്ളിയിടപ്പെട്ടതായി ജോൺ വെസ്ലി രേഖപ്പെടുത്തിയിരിക്കുന്നു. പിന്നീട് ഒരു സ്വതന്ത്ര സഭാശുശ്രൂഷകനായി പ്രവർത്തിച്ചു.

എഡ്‌വേർഡിന്റെ പിതാവ് റവ. വിൻസന്റ് പെറൊനെ ലണ്ടൻ പട്ടണത്തിനടുത്തുള്ള 'ഷെറ്ഹം' എന്ന ഗ്രാമത്തിലുള്ള ഒരു പള്ളിയിൽ അനേക വർഷം ശുശ്രൂഷ ചെയ്തിരുന്നു. ഇവിടെയുള്ള ചുണ്ണാമ്പു പാറകൾ നിറഞ്ഞ മലയ്ക്കു മുകളിൽ ഒരു വലിയ കുരിശു സ്ഥാപിച്ചിട്ടുണ്ട്. ഈ മലയടി വാരത്തിൽ ജീവിച്ച എഡ്‌വേർഡ് എന്നും ഈ കുരിശിനെ ദർശിച്ച്, ക്രൂശിന്റെ മാഹാത്മ്യത്തെപ്പറ്റി ചിന്തിക്കുക പതിവായിരുന്നു. കർത്തൃശുശ്രൂഷയിലേക്കു എഡ്‌വേർഡിനെ പ്രേരിപ്പിച്ചതും ഈ അനുഭവമായിരുന്നു.

ഇംഗ്ലീഷ് ഭാഷാകവികളിൽ മികച്ച സ്ഥാനമുള്ള എഡ്‌വേർഡ് പെറൊനെ മൂന്നു കവിതാസമാഹാരങ്ങൾ രചിച്ചിട്ടുണ്ട്. അവയിലുള്ള ഒരു കവിതയാണ് 'All hail the power of Jesus name' എന്ന ഈ ഗാനം. ഇതിനെ 'National song of the Christemdom' ക്രിസ്തീയ രാജ്യത്തിന്റെ ദേശീയ

---

*Contd from page 11*

You have brought up my life from the pit, O LORD, my God. When my bered the LORD; and my prayer went up to You, into Your holy temple. Those who regard worthless idols forsake their own mercy. But I will sacrifice to you with the voice of thanksgiving; I will pay what I have vowed. Salvation is of the LORD."

So the LORD spoke to the fish, and it vomited Jonah onto dry land! The fish had travelled with Jonah inside its belly back to the same place where Jonah started his journey suppressing all the actions of the digestive enzymes and imagine how relieved it would have felt after having spat Jonah out and how it would have rejoiced to have carried out the command of God. Like Jonah let us repent and look again towards God. Always remember our Lord never turns away any-one who calls upon His name .

ഗാനം എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. "ഭൂമിയിൽ ക്രിസ്ത്യാനികൾ ഉള്ളിടത്തോളം പാട്പ്പെട്ടുകൊണ്ടേയിരിക്കുന്നതും അതിനു ശേഷം സ്വർഗ്ഗത്തിലും പാടപ്പെടുന്ന ഒരു ഗാനമാണിതെന്ന് ഒരു ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ ഗാനത്തെപ്പറ്റി രസകരമായ ഒരു സംഭവകഥയുണ്ട്. **ഇൻഡ്യയിലെ ആദ്യമിഷണറിമാരിലൊരാളായ ഇ.പി.സ്കോട്ട് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ഒരു ദിവസം, പതിയിരുന്നാക്രമിക്കുന്ന ഒരു സംഘം ഗിരിവർഗ്ഗക്കാർ കൈകളിൽ കുന്തങ്ങളു(Spears)മായി അദ്ദേഹത്തെ വളഞ്ഞു. എന്തോ പ്രചോദനത്താൽ മിഷണറി, തന്റെ ബാഗിൽ നിന്നും വയലിൻ എടുത്ത് ഈ ഗാനം വായിച്ച് ഉച്ചത്തിൽ പാടി. അതിന്റെ അഞ്ചാമത്തെ ചരണത്തിൽ, 'Let every kindred, every tribe on this terrestial ball, To Him all majesty ascribe and crown Him Lord of all' എന്ന ഭാഗം അവരുടെ ഭാഷയിൽ പാടിക്കേട്ടതായ സമയം, മിഷണറി അതിശയിക്കുമാറ് അവർ അവരുടെ കുന്തമുനകൾ താഴ്ത്തി വണങ്ങി നിന്നത്രെ. ചിലർ കണ്ണീർ പൊഴിക്കുന്നുമുണ്ടായിരുന്നത്രെ. സ്കോട്ട് പിൽക്കാലം മുഴുവൻ ആ വർഗ്ഗക്കാരുടെയിടയിൽ ശുശ്രൂഷ ചെയ്തു.**

പലരാഗങ്ങളിൽ ഈ ഗാനം പാടപ്പെടുന്നുവെങ്കിലും പ്രൗഢ ഗംഭീരമായ മനോഹര ഈണം 1838-ൽ ജയിംസ് എല്ലർ എന്ന ഇംഗ്ലീഷ് സംഗീതജ്ഞന്റേതായ **"ഡയഡം"** എന്നതാണ്. എന്നാൽ സാധാരണയായി നാം ഉപയോഗിച്ചു വരുന്നത് എഡ്വേർഡിന്റെ ഉറ്റ സ്നേഹിതനായിരുന്ന വില്യം ഷ്റൂബ് രചിച്ച **'മൈൽസ് ലെയിൻ'** എന്ന രാഗമാണ്. മലയാളത്തിലേക്ക് "വാഴ്ത്തീടിൻ യേശു നാമത്തെ" എന്നു തുടങ്ങി വിവർത്തനം ചെയ്തിരിക്കുന്നത് ഭക്തകവി മോശവത്സലം ശാസ്ത്രീയാരാണ്.

എഡ്വേർഡ് പെറൊനെ 1792-ൽ തന്റെ 66-ാം വയസ്സിൽ നിര്യാതനായി. ആംഗ്ലിക്കൻ സഭയെ നിശ്ശിതമായി വിമർശിച്ചിരുന്ന ഒരാളായിരുന്നെങ്കിലും മാതൃസഭ അദ്ദേഹത്തെ ഗന്ധർവപുരിയിലെ ആംഗ്ലിക്കൻ കത്തീഡ്രലിൽ സംസ്കരിച്ചു. ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളും നിസ്സാരമായ യോജിപ്പുകളും വ്യത്യാസങ്ങളും മറന്ന് ഒത്തൊരുമിച്ച് ചേർന്ന് ഈ സ്വർഗ്ഗീയഗാനം, രാജകീയഗാനം പാടുന്ന ഒരു കാലത്തിലേക്ക് പെറൊനെ വിരൽ ചൂണ്ടുകയല്ലേ?

## പെരിഫെറൽ കൺവെൻഷൻ

ഏപ്രിൽ മാസത്തെ പെരിഫെറൽ കൺവെൻഷൻ 14-4-2013ന് കരകുളം സി.എസ്.ഐ. സഭയിൽ വെച്ച് നടത്തപ്പെടുന്നതാണ്. നമ്മുടെ സഭയുടെ ഗോസ്പൽ ബാൻഡ് ഭാരവാഹികൾ ഇതിന് നേതൃത്വം നൽകുന്നതാണ്. തിരുവനന്തപുരം ഗോസ്പൽ കോറസിന്റെ ഗാനശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്.

വിക്ടർ ഇ. ജോസഫ്

സെക്രട്ടറി, ഗോസ്പൽ ബാൻഡ്

# വിശ്വസിച്ചിട്ട് പ്രാപിച്ചുവോ?

**ബഞ്ചമിൻ മോസസ്**

ക്രിസ്തീയ ജീവിതം വിശ്വാസ ജീവിതത്തേക്കാളുപരി വിശ്വസിച്ചതു പ്രാപിക്കുകയും പ്രാപിച്ചതിനനുസ രണമായി വിശുദ്ധമായി ജീവിക്കുന്ന തുമാണ്. വേദപുസ്തകത്തിലെ ദൈവം പരിശുദ്ധനാണ്. പാപിയായ മനുഷ്യൻ പരിശുദ്ധനായിത്തീരുവാ നാണ് ദൈവം അവനേ ഇത്രമാത്രം സ്നേഹിച്ചത്. വിശ്വാസത്തിനു നാം അമിത പ്രാധാന്യം നൽകുന്നു എങ്കിൽ പിശാചും നാമും തമ്മിൽ വിശ്വാസ സംബന്ധമായി യാതൊരു വ്യത്യാസവുമില്ല. കാരണം ദൈവം ഒരുവനേയുള്ളൂ എന്നും യേശു ദൈവ പുത്രനാണെന്നും പിശാചുക്കളും വിശ്വസിക്കുന്നു. (യാക്കോ. 2:19,20; മർക്കൊ 5:7) എന്നാൽ ദൈവത്തിന് അവനോടോ, അവനു ദൈവത്തോടോ അല്പംപോലും സ്നേഹമില്ല. ദൈവം തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏവനും നിത്യദണ്ഡനം അനുഭവി ക്കാതെ നിത്യജീവൻ പ്രാപിക്കേ ണ്ടതിന് യേശുവിനെ നൽകി നമ്മെ സ്നേഹിച്ചു (യോഹ 3:16).

**യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ ശാസ്ത്രിമാരും പരീശ ന്മാരും മഹാപുരോഹിതന്മാരും തിരു വെഴുത്തുകളിൽ കണ്ടെത്തി. യേശു ക്രിസ്തുവിൽ നിത്യജീവനുണ്ടെന്ന് അവയിലൂടെ ഗ്രഹിച്ചുവെങ്കിലും അതു പ്രാപിക്കാൻ അവർക്കു മനസ്സില്ലായി രുന്നു (യോഹ. 5:39, 40). യേശുക്രിസ്തു പാപത്തിന്റെ ശിക്ഷയിൽ നിന്നും നമ്മെ രക്ഷിക്കുന്നവനാണെന്നു അറിയുന്നുവെങ്കിലും ഇന്നും നമ്മിൽ അനേകർ അതു പ്രാപിച്ചിട്ടില്ല എന്നത് ദു:ഖകരമായ യാഥാർത്ഥ്യമാണ്.**

**മതഭക്തനായ കൊർന്നല്ല്യോസ് എപ്പോഴും പ്രാർത്ഥിക്കുന്നവനും ദാനധർമ്മങ്ങൾ ചെയ്യുന്നവനും കുടും ബത്തോടെ ദൈവത്തെ ഭയപ്പെടുന്ന വനുമായിരുന്നുവെങ്കിലും നിത്യജീവൻ പ്രാപിച്ചിരുന്നില്ല (അ.പ്ര.10:1,2,3,4).** എന്നാൽ പത്രൊസിന്റെ പ്രസംഗത്തി ലൂടെ അവർ യേശുക്രിസ്തുവിനെ വിശ്വസിക്കയും നിത്യജീവൻ പ്രാപി ക്കയും ചെയ്തു. രക്ഷിക്കപ്പെട്ടവനാ ണെന്ന് സ്വയം വിശ്വസിച്ചുകൊണ്ടിരി ക്കുന്നത് ആത്മവഞ്ചനയാണ്. നിത്യ ജീവൻ പ്രാപിച്ചവർക്ക് അതിന്റെ ലക്ഷണങ്ങൾ പ്രകടമാക്കാതിരിക്കാൻ കഴികയില്ല. പാപത്തിന്റെ ശിക്ഷയായ ആത്മാവിന്റെ നിത്യമരണത്തിൽ നിന്നും രക്ഷിക്കപ്പെട്ട വ്യക്തി നിത്യ ജീവന്റെ ലക്ഷണങ്ങളായ ആത്മാ വിന്റെ ജീവനും, ചലനവും, വളർച്ചയും, ഫലവും ഉള്ളവനായിരിക്കും.

യേശുക്രിസ്തുവിലുള്ള വിശ്വാസ ത്താൽ നിത്യജീവൻ പ്രാപിക്കുന്ന തിലൂടെ ജീവിതം അവസാനിക്കു ന്നില്ല. നിത്യ ജീവൻ പ്രാപിച്ച വ്യക്തി മരണംവരെ അതിൽ നിലനിൽക്കേ ണ്ടതിനു പരിശുദ്ധാത്മാവിനെ സ്വീക രിക്കേണ്ടതാണ്. പരിശുദ്ധാത്മാവ് നമ്മെ ദൈവവചന പ്രകാരം ജീവിക്കു വാൻ കഴിവുള്ളരാക്കുന്നു. പിശാചിന്റെ തന്ത്രങ്ങളായ ജഡമോഹം, കൺമോഹം ആഡംബരപ്രിയം എന്നിവയോട് എതിർത്തുനിൽപ്പാൻകഴിയേണ്ടതിനു നാം പരിശുദ്ധാത്മാവിനാൽ ശക്തിപ്പെ

ടേണ്ടതാണ്.(1 യോഹ. 2:12-17; എഫെ 6:10,11) രക്ഷ പ്രാപിക്കുകയും പരിശുദ്ധാത്മാവിനെ സംബന്ധിച്ച് ഒന്നും അറിഞ്ഞുകൂടാതിരുന്ന ഒരു കൂട്ടം വിശ്വാസികളെ പൗലോസ് എഫസോസിൽ കണ്ടതായി അപ്പൊസ്തല പ്രവർത്തികൾ 19-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവരോട് പൗലോസ് ചോദിക്കുകയാണ് നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ? അതിനു മുറുപടിയായി പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്ന് അവർ പറഞ്ഞു. കാരണം, അവർ യോഹന്നാന്റെ മാനസാന്തരസ്നാനമാണ് എറ്റിരുന്നത്. പൗലോസ് അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു. (അ. പ്ര. 19:1-7).

ഒരു വ്യക്തി യേശുവിനെ ജീവിതത്തിൽ സ്വീകരിച്ചു എന്നു പറയുമ്പോൾ ആ വ്യക്തിയുടെ വിശ്വാസ പ്രഖ്യാപനത്തിലൂടെ മാത്രമേ അതു നമുക്ക് വിശ്വസിക്കാൻ കഴിയുകയുള്ളൂ. എന്നാൽ പരിശുദ്ധാത്മാവെന്ന ദൈവം നമ്മുടെ മൺപാത്രമാകുന്ന ശരീരത്തിൽ തന്റെ അത്യന്തശക്തി പകരുമ്പോൾ നമുക്കും നമ്മെ കാണുന്നവർക്കും അതു കാണുവാനും കേൾക്കുവാനും കഴിയുന്നു. കാരണം അതു വിശുദ്ധ ജീവിതത്തിനും ശുശ്രൂഷയ്ക്കമായുള്ള ശക്തീകരണമാണ്. പെന്തെക്കോസ്തു നാളിലും, കൊർന്നല്ല്യോസിന്റെ വീട്ടിലും, ശമര്യയിലും ഏഫെസോസിലും പരിശുദ്ധാത്മാവു വ്യക്തികളുടെമേൽ വന്നപ്പോൾ പരിശുദ്ധാത്മാവിന്റെ പകർച്ച മറ്റുള്ളവർ കാണുകയും കേൾക്കുകയും ചെയ്തിരുന്നു. (അ.പ്ര. 2:33, 10:44-46, 8:18, 19:6). യേശുവിനെ സ്വീകരിക്കുന്ന തിലൂടെ നമ്മുടെ ആത്മാവ് ശുദ്ധീകരിക്കപ്പെടുകയും അടുത്ത പടിയായപരിശുദ്ധാത്മസ്വീകരണത്തിലൂടെ നമ്മുടെ ആത്മാവ് ശക്തീകരിക്കപ്പെടുകയും ചെയ്യുന്നു. (1 യോഹ 1:7, എഫെ. 3:16)

രക്ഷിക്കപ്പെടുകയുയും പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കപ്പെടുകയും ചെയ്യുക എന്നത് യേശുവിന്റെ രണ്ടു പ്രധാന കല്പനകളാണ്. **രക്ഷിക്കപ്പെട്ടില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശനമില്ല. പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കപ്പെടുന്നില്ല എങ്കിൽ ക്രിസ്തുവിന്റെ സാക്ഷികളാകുവാനും സാധ്യമല്ല.** ആയതിനാൽ ക്രിസ്തീയ ജീവിതത്തിൽ ഈ രണ്ടു അനുഭവങ്ങളും നാം വിശ്വസിക്കയും പ്രാപിക്കയും വേണം. ഇവ പ്രാപിക്കാത്താവന്റെ അന്ത്യം ലാവോദിക്യ സഭയിലെ വിശ്വാസികളെപ്പോലെയും മണവാളന്റെ വരവിങ്കൽ വിളക്കു കെട്ടു പോയ ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാരെപ്പോലെ ആയിരിക്കും (ലൂക്കൊ 12:35, വെളി. 3:1418) ആത്മാവു സഭകളോട് പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

*യേശുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു. എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്ന് ഉയർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും. (റോമർ 8:11)*

# കുട്ടികളും അക്രമവാസനയും

**ജോർജ് ബഹനാൻ**

തുമ്പിയെ പിടിക്കാൻ ഓടുന്നതും കുഴിയാനയ്ക്ക് ഉറുമ്പിനെ ഇട്ടു കൊടുന്നതും മഞ്ചാടിക്കുരു പെറുക്കി സൂക്ഷിക്കുന്നതും തുടങ്ങി അനേകം ബാല്യകാല വിനോദങ്ങളെപ്പറ്റി ഇന്നത്തെ കുട്ടികളോടു പറഞ്ഞാൽ അവരിൽ എത്ര പേർ അത് താത്പര്യത്തോടെ കേട്ടിരിക്കും. ഇത്തരം വിനോദങ്ങളിൽ അടങ്ങിയിരിക്കുന്ന അദൃശ്യമായ ശക്തികളും നന്മകളും ഇന്നത്തെ തലമുറയ്ക്ക് അന്യമായിരിക്കുന്നു. 'നെൽച്ചെടി കണ്ടിട്ടുണ്ടോ എന്ന് ഇന്നത്തെ കുട്ടികളോടു ചോദിച്ചാൽ' കണ്ടിട്ടുണ്ട്, ടിവിയിൽ എന്നാവും അവരിൽ മിക്കവരുടെയും ഉത്തരം. പ്രകൃതിയും മനുഷ്യനും പക്ഷിമൃഗാദി കളും ചേർന്നുള്ള ചുറ്റു പാടുകളിലെ അനേകം നന്മകൾ നമ്മുടെ തലമുറ യിലെ കുട്ടികൾക്ക് തീർത്തും അന്യമാ യിരിക്കുന്നു. അതു കൊണ്ടു തന്നെ സ്നേഹത്തിന്റെയും പങ്കുവയ്ക്ക ലിന്റെയും മഹനീയ അംശങ്ങൾ അവരിൽ നിന്ന് അപ്രത്യക്ഷമാകുന്ന തായാണ് കണ്ടു വരുന്നത്.

ഇണങ്ങിയും പിണങ്ങിയും കളിച്ചു നടക്കേണ്ട പ്രായത്തിൽ കുട്ടികളുടെ നിഷ്കളങ്കത നശിപ്പിക്കുന്ന കാർട്ടൂ ണുകളും വീഡിയോ ഗെയിമുകളും അവരുടെ ജീവിതത്തെ വല്ലാതെ സ്വാധീനിച്ചിരിക്കുന്നു. അടിയും ഇടിയും തൊഴിയും വെട്ടും വെടിവയ്പ്പും മാത്രമുള്ള ഗെയിമുകൾ കുട്ടികളെ ക്രിമിനലുകളാക്കി ക്കൊണ്ടിരിക്കുന്നു എന്ന സത്യം മുതിർന്നവർ മനസ്സിലാ ക്കിയിട്ടില്ല. നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനു സരിച്ച് കുട്ടികളുടെ ഇടയിൽ 2008-നെക്കാൾ 8.1% ആണ് കുറ്റകൃത്യം വർദ്ധിച്ചി രി ക്കു ന്നത്. കഴിഞ്ഞ വർഷങ്ങളിൽ 7498 കുട്ടികൾ മോഷ്ടാ ക്കളായും 4832 കുട്ടികൾ അക്രമിക ളായും 3744 കുട്ടികൾ പിടിച്ചുപറിക്കാ രായും കേസുകളിൽ റെക്കോർഡ് ചെയ്യപ്പെട്ടു, ഈ വർദ്ധനവ് തുടർന്നു കൊണ്ടിരിക്കുന്നു. ഇത് ഭയാനകമായി തോന്നു ന്നില്ലേ. എന്നാൽ ഇതിൽ അതിശയി ക്കേണ്ടതില്ല.

**കുട്ടികൾ കാണുന്ന വീഡിയോ ഗെയിമുകളിൽ മിക്കതും വെടിവച്ചു വീഴ്ത്തി മുന്നേറാൻ പ്രേരിപ്പിക്കുന്ന വയല്ലേ? ഒരു ഗെയിം സിഡിയിലെ 27 ഗെയിമുകളിൽ ഒരെണ്ണം 2020-ൽ ഉണ്ടാകാൻ പോകുന്ന ഒരു യുദ്ധത്തെ ആസ്പദമാക്കിയാണ്. അതിൽ ലോകത്തെ രക്ഷിക്കാൻ വെടിവച്ചു കൊല്ലേണ്ടത് കന്യാസ്ത്രീകളെ യാണത്രേ. റോമിലെ സെന്റ് പീറ്റേഴ്സ് ബെസിലിക്കയിൽ നിന്ന് ഇറങ്ങി വരുന്ന മുഴുവൻ കന്യാസ്ത്രീകളെയും വേഗത്തിൽ വെടിവച്ചു വീഴ്ത്തിയാലേ കളിയുടെ അടുത്ത ഘട്ടത്തിലേക്കു പോകാനാവൂ. അതുകൊണ്ട് കുട്ടി ആവേശത്തോടെ വെടിവച്ചു മുന്നേറും. ഇതെന്തൊരു ഗെയിംസ് എന്നു ചോദിക്കാൻ വരട്ടെ. സ്കൂളിൽ വ്യാപകമായി പ്രചരിച്ച ഒരു വീഡിയോ ക്ലിപ്പിങ്ങിനെപ്പറ്റി മാതാപിതാക്കൾ അറിയണം. ഏതാണ്ട് ഒരു വയസ്സുള്ള കുട്ടിയും മൂർഖൻ പാമ്പും ഒരു മുറിയിൽ. കുട്ടി മുട്ടിലിഴഞ്ഞ് പാമ്പിനെ തൊടാൻ ശ്രമിക്കുന്നു. പാമ്പ് ഇഴഞ്ഞു മാറുന്നുണ്ടെങ്കിലും ഇടയ്ക്ക് പത്തി വിടർത്തി കുട്ടിയെ കടിക്കാൻ ശ്രമിക്കുന്നു. എറ്റവും അവസാനം കുട്ടി പാമ്പു കടിയേറ്റ് മരിക്കുന്നു. ഈ ദൃശ്യത്തിൽ എന്താണ് ആസ്വദിക്കാനുള്ളത്. ഇത്തരം വീഡിയോ ക്ലിപ്പിംഗുകൾ കുട്ടികളുടെ ഇടയിൽ പ്രചരിപ്പിക്കുന്നത് എന്തിനാണ് എന്ന് മുതിർന്നവർ**

**മനസ്സിലാക്കണം. ഇവ കുട്ടികളുടെ മനുഷ്യത്വത്തെ മരവിപ്പിക്കും. ഇത്തരം ക്രൂരവും ഭയാനകവുമായ ദൃശ്യങ്ങൾ കുട്ടികളുടെ മനസ്സാക്ഷിയെ കഠിനമാക്കും. ക്രൂരത യോട് അവർക്കുള്ള അറപ്പ് ക്രമേണ ഇല്ലാതാകും.**

ആംഗ്രി ബേഡ്സും ജീടിയും കളിക്കുന്ന നമ്മുടെ കുട്ടികൾ വയലൻസ് സിനിമകളെ ഇഷ്ട പ്പെടുകയും അത് അവരെ അക്രമ വാസനയിലേക്കു നയിക്കുകയും ചെയ്യും. ഇന്നു ക്രൂരതകുട്ടികളുടെ ജീവിത ശൈലിയുടെ ഭാഗമായി രിക്കുന്നു. റാഗിംഗിൽ കുട്ടികൾ കാട്ടുന്ന ക്രൂരതകളെക്കുറിച്ച് നാം പത്രങ്ങളിൽ വായിക്കാറില്ലേ? സഹപാഠിയെ കൊലപ്പെടുത്തുവാൻ മടിയില്ലാത്ത വിദ്യാർത്ഥികളുടെ കാലം. കൗമാര പ്രായക്കാരുടെ കൊട്ടേഷൻ സംഘങ്ങൾ ഇന്നു വലിയ അത്ഭുതമൊന്നും ഉളവാക്കുന്നില്ല. പെൺകുട്ടികളും ക്വട്ടേഷൻ സംഘങ്ങളിൽ ഉൾപ്പെ ടുന്ന കാര്യവും നാം മറക്കരുത്.

കുട്ടികളെ വഴിതെറ്റിക്കന്നുവരെ നാം തിരിച്ചറിയണം. ഇത്തരം ക്രൂരതകൾക്കു പിന്നിൽ സംഘടിതമായ പൈശാചിക ശക്തികൾ ഉണ്ടെന്നകാര്യവും വളരെ ഗൗരവമായി നാം മനസ്സിലാക്കേ ണ്ടതുണ്ട്. അതുകൊണ്ട് പത്രോസ് ഓർമ്മിപ്പിക്കുന്നു: 'ഉണർന്നിരിപ്പിൻ, നിങ്ങ ളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞ് ചുറ്റി നടക്കുന്നു, പിശാചിന്റെ മുന്നിൽ നിയമങ്ങൾക്ക് എന്തുവില? ഇവിടെ ഒരേയൊരു പരിഹാര മാർഗ്ഗ മേയുള്ളൂ, കർത്താവും അവന്റെ അമിത ബലവും. അതു കഴിഞ്ഞേ കൗൺസെലിംഗിനും സോഷ്യൽ വർക്കിനും സൈക്ക്യാട്രിക്കു മൊക്കെ സ്ഥാനമുള്ളൂ.

ഈ വിഷയത്തെ മുതിർന്നവർ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നതായാണ് കണ്ടുവരുന്നത്. മാതാപിതാക്കളും മക്കളുമെല്ലാം ടിവി ചാനലുകൾക്ക് അടിമകളാ യാൽ സമൂഹത്തെത്തന്നെ അതു തകർച്ചയി ലേക്കു നയിക്കും.

സാർ, എനിക്കു ബെൻടെൻ എന്ന കാർട്ടൂൺ എല്ലാ ദിവസവും കണ്ടില്ലെങ്കിൽ വലിയ വെപ്രാള മാണ്. പത്താം ക്ലാസ്സുകാരനായ ഒരു കുട്ടി ഒരിക്കൽ എന്നോടു പറഞ്ഞതാണിത്. സ്കൂളിൽ നിന്നു വന്നുകഴിഞ്ഞ് കമ്പ്യൂട്ടറിന്റെ മുന്നിലിരുന്ന് ഗെയിം കളിച്ചില്ലെ ങ്കിൽ വെപ്രാളം കാട്ടുന്ന കുട്ടികൾ മാതാപിതാക്കളെ വിഷമ ത്തിലാക്കുന്നു. ടിവി സീരിയലിലെ വരാനിരിക്കുന്ന എപ്പിസോഡുകളെ ക്കുറിച്ച് ആകാംക്ഷയോടെ കാത്തിരി ക്കുന്ന മാതാപിതാക്കൾ ഇന്നു നിരവധി യാണ്. സ്റ്റാർ സിംഗറിന്റെ എലിമിനേഷൻ റൗണ്ടിൽ എലിമിനേറ്റു ചെയ്യപ്പെടുന്ന വരുടെ കണ്ണുനീരു കണ്ട് കരയുന്ന മാതാപിതാക്കൾ ആ കണ്ണുനീര് മക്കൾക്കുവേണ്ടി പ്രാർത്ഥനയിലൂടെ ചൊരിഞ്ഞിരുന്നെങ്കിൽ എത്ര പ്രയോജന പ്രദമായിരുന്നു!

ആഴമേറിയ ആത്മീയതയുടെ അഭാവമാണ് ഈ പ്രശ്നത്തിനു കാരണം. കുടുംബമായി ആത്മീയ തയിലേക്ക് തിരിച്ചു വരികയാണ്
ഇതിനു പരിഹാരം. കുട്ടികൾക്ക് ധാരാളം ആത്മീയ മാതൃകകൾ ഉണ്ടാവണം. ആത്മീയ ആഘോഷ ങ്ങളിലൂടെ കർത്താവുമായി വ്യക്തി പരമായ ബന്ധത്തിലേക്കു വരുവാൻ സാധിക്കണം. സാത്താനെ നേരിടാൻ കർത്താവിന്റെ അത്യന്ത ശക്തി നമ്മിൽ വ്യാപരിക്കേണ്ടത് അത്യാവശ്യമാണ്. ബാല്യത്തിലും കൗമാരത്തിലും കുട്ടികൾക്കു പകർന്നു നൽകേണ്ട മൂല്യങ്ങൾ ജീവിത മാതൃകകളിലൂടെ നാം അവർക്കു പകർന്നു നൽകണം. അല്ലെങ്കിൽ അതു കുടുംബങ്ങളെ പ്രതിസന്ധിയിലേക്കു നയിക്കും.

# രാജസ്ഥാൻ മിഷൻ ഫീൽഡിൽ സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിന്റെ പ്രവർത്തനങ്ങൾ

ഉത്തരേന്ത്യയിലെ വലിയ സംസ്ഥാനങ്ങളിൽ ഒന്ന്, 7 കോടി ജനങ്ങൾ. 80% ആദിവാസി സമൂഹങ്ങൾ ഉൾപ്പെടുന്ന പിന്നോക്കവർഗ്ഗങ്ങൾ. ക്രിസ്ത്യാനികൾ തീരെ കുറഞ്ഞതും, ഇന്ത്യയിലെ സഹാറ എന്നറിയപ്പെടുന്നതും, 33 ജില്ലകൾ അടങ്ങിയതുമായ ഒരു സംസ്ഥാനമാണ് രാജസ്ഥാൻ. **കേവലം 0.2% ക്രിസ്തീയ വിശ്വാസികൾ മാത്രമാണ് ഇവിടെയുള്ളത്.** എസ്.കെ.ഡി. ബോർഡ് ഫോർ മിഷന്റെ കീഴിൽ നാം സ്പോൺസർ ചെയ്ത **Bensilal Meena** എന്ന മിഷണറി 2010 ഡിസംബർ മുതൽ **പ്രതാപ്ഗട്ട് ജില്ലയിൽ** പ്രവർത്തിച്ചുവരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പിലൂടെ അനേകർ കർത്താവായ യേശുവിനെ അറിയുകയും ക്രിസ്തു വിശ്വാസികളായി മാറിക്കൊണ്ടിരിക്കയും ചെയ്യുന്നു.

തുടർന്ന് അവർക്ക് ആരാധിക്കാൻ പ്രതാപ്ഗട്ട് ജില്ലയിൽ കാൺപുര എന്ന വില്ലേജിൽ ഒരു വിശ്വാസി സൗജന്യമായി തന്ന സ്ഥലത്ത് ഒരു ദൈവാലയം പണിയാൻ എം.എം.ചർച്ച് സീനിയർ സിറ്റീസൺസ് ഫെല്ലോഷിപ്പ് ആഗ്രഹിച്ച് 4-3-2012-ൽ തറക്കല്ലിട്ട് പണികൾ ആരംഭിച്ചു. 1,96,462 രൂപ ചെലവു ചെയ്ത് ഫൗണ്ടേഷൻ ബേസ്മെന്റ് പണികൾ ചെയ്തപ്പോൾ Anti Conversion Rule-ന്റെ മറവിൽ പഞ്ചായത്ത്, റവന്യൂ, പോലീസ് അധികാരികളും, ആർ.എസ്.എസ്., ബജറങ്ദൾ തുടങ്ങിയ സംഘടനകളും തടഞ്ഞതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ട സാഹചര്യം വന്നു. നാം കെട്ടിയ ബേസ്മെന്റിന്റെ മുകളിൽ ഒരു ദൈവാലയം പണിയാൻ തടസ്സങ്ങൾ മാറ്റിത്തരേണ്ടതിനായി ദൈവത്തോട് പ്രാർത്ഥിക്കുവിൻ.

രാജസ്ഥാൻ മിഷൻ കേന്ദ്രത്തിനായി സ്വന്തമായി സ്ഥലമില്ല. ഇപ്പോൾ ഹെഡ്ക്വാർട്ടേഴ്സ് ആയി (വാടകയ്ക്ക്) പ്രവർത്തിക്കുന്ന സ്ഥലത്തിന് സമീപം **1200 സ്ക്വയർ ഫീറ്റ് സ്ഥലം സി.എസ്.ഐ. ട്രസ്റ്റിന്റെ പേരിൽ 6,75,000 (ആറ് ലക്ഷത്തി എഴുപത്തിയയ്യായിരം) രൂപയ്ക്ക് വാങ്ങി നൽകാൻ ദൈവം എസ്സ്.സി.എഫിനെ സഹായിച്ചു.** ഇതിൽ സഹകരിച്ചുകൊണ്ടിരിക്കുന്ന എം.എം. ചർച്ചിലെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു. നാം വാങ്ങിയ സ്ഥലത്ത് ആരാധനയ്ക്ക് സൗകര്യപ്രദമായി ഒരു കെട്ടിടത്തിന് തറക്കല്ലിടാൻ 2/4/2013 ന് സർവ്വശക്തൻ നമ്മെ സഹായിച്ചു. തുടർന്നും പ്രാർത്ഥിക്കുവിൻ.

**ഒയ്. ക്രിസ്തുദാസ്, ജനറൽ സെക്രട്ടറി,** S.C.F.

---

# Good Seeds

1. Should Call with whole heart. Psalms 119:145
2. Should keep His commendment with whole heart. 2.Chro 34:31
3. Should keep and observe His law with whole heart. Psalms 119:34
4. Should walk before Him with all your heart. 2 Chro. 6:14
5. Should be careful to observe the judgement with all your heart? Deut 26:16
6. Should believe Him with all your heart. Acts. 8:37
7. Should love your God with all you heart. Deut 6:5

# അരയോളം ആഴം!

സാം

**"അവൻ പിന്നെയും ആയിരം മുഴം അളന്നു. എന്നെ കടക്കുമാറാക്കി; വെള്ളം അരയോളം ആയി" (യെഹെ. 47:4)**

**"അര" എന്നത് മനുഷ്യന്റെ ഒരുക്കത്തെ കുറിക്കുന്നു.** യുദ്ധ വീരന്മാർ യുദ്ധത്തിനായി പുറപ്പെടുമ്പോൾ അര മുറുകെ കെട്ടിക്കൊണ്ടു വാള് ഇടുപ്പിൽ തൂക്കിയിടുന്നു. സാധാരണയായി സാരി ഉടുക്കുന്നതോ, മുണ്ട് ഉടുക്കുന്നതോ അരയിൽ ആകുന്നു. ഇത് സ്വയനിയന്ത്രണത്തെ കുറിക്കുന്നു.

ജോലി ചെയ്യുവാൻ ഒരുക്കം, സേവനം ചെയ്യുവാൻ ഒരുക്കം, യുദ്ധം ചെയ്യുവാൻ ഒരുക്കം, **കർത്താവിനു വേണ്ടി ഓടുവാൻ ഒരുക്കം** എന്നതിനെയാണ്. "അര" കാണിക്കുന്നത്. ഏലിയാവ് തന്റെ അര മുറുക്കികൊണ്ടു ആഹാബിന്റെ രഥത്തിന്റെ മുമ്പിലേക്കു ഓടി എന്നു വായിക്കുന്നു.(1 രാജാ. 18:46).

യേശുക്രിസ്തുവിനെ നോക്കുവിൻ, തന്റെ ശിഷ്യന്മാർക്കു **ശുശ്രൂഷ ചെയ്യുമ്പോൾ പോലും ഒരു തുവർത്തു എടുത്തു അരയിൽ ചുറ്റി** ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാൻ തുടങ്ങി (യോഹ 13: 4, 5). യേശുവിന്റെ താഴ്മയെ നമുക്ക് ജീവിതത്തിൽ പകർത്താമോ? ശുശ്രൂഷ ചെയ്യുവാനായി യേശു എപ്പോഴും ഒരുങ്ങിയിരുന്നു. "യഹോവയായ കർത്താവിന്റെ ആത്മാവു എന്റെ മേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു." (യെശ. 61:1 ) അതെ, അരയോളം എന്നതു ഒരുക്കത്തോടെ അരമുറുക്കുന്നതിനെ കുറിക്കുന്നു. താഴ്മയോടെ ശുശ്രൂഷ ചെയ്യുന്നതിനെ കുറിക്കുന്നു. "നിങ്ങളുടെ അര കെട്ടിയും വിളക്കു കത്തിയും കൊണ്ടിരിക്കട്ടെ"(ലൂക്കൊ.12:35). ഏത് ജോലിയിലും ഏർപ്പെട്ടിരി ക്കുന്ന തൊഴിലാളികൾ സാധാരണയായി തങ്ങളുടെ അരമുറുക്കി കെട്ടുന്നു. അപ്രകാരം അരമുറുക്കി കെട്ടുന്നില്ലെങ്കിൽ അവരുടെ ശരീരം അങ്ങോട്ടുമിങ്ങോട്ടും ഇളകുമ്പോൾ അതിവേഗം തളർന്നു പോകുന്നു.

അപ്പൊ. പൌലൊസ് മനസ്സിന്റെ അര മുറുക്കിക്കൊണ്ടു "ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നും ആഞ്ഞും കൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു"(ഫിലി. 3:13,14).

അരയോളം ആഴത്തിലേക്കു ഇറങ്ങി വരുവിൻ. അര മുറുക്കിക്കൊണ്ട് മുഴുബലത്തോടെ ശുശ്രൂഷ ചെയ്യുവിൻ. സത്യം എന്ന കച്ച നിങ്ങളുടെ അരയിൽ കെട്ടിയിരിക്കട്ടെ (എഫെ 6:14). അതെ സത്യമാകുന്ന ദൈവവചനം കൊണ്ട് നിങ്ങളെ നിറച്ചു ഒരുക്കിക്കൊള്ളുവിൻ. അര മുറുക്കുവിൻ.

## ഗോസ്പൽ ബാൻഡ് - വിശേഷ ആരാധന

കവടിയാർ ആസ്ബത്തിൽ ശ്രീ. മാക്ക് ഡൊണാൾഡ് വൈറ്റിന്റെ ഭവനത്തിൽ ഗോസ്പൽ ബാൻഡിന്റെ നേതൃത്വത്തിൽ 13-3-2013ന് സഭയുടെ ഉപസംഘടനാ ഭാരവാഹികളെയും അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ആരാധന നടത്തപ്പെട്ടു. പ്രതിമാസം രണ്ട് യോഗങ്ങൾ ഇവിടെ സംഘടിപ്പിക്കാൻ തീരുമാനിച്ചിരകിക്കുകയാണ്.

## Circle Prayers in April & May2013

If you want circle prayers to be arrange in your house, kindly inform one of the presbyters, preferably Rev. L E Sahanam well in advance.

| | | | | |
|---|---|---|---|---|
| 2/4/2013 | Charachira Circle | 1350 | Er. Padma Santhi | Watts Lane |
| Tuesday | Edappazhanji Circle | 1753 | Dr. Ponraj G. | Vettamukku |
| | | | | |
| 5/4/2013 | LMS Palayam Circle | 2007 | Mr. Roji Lal | Lenin Nagar |
| Friday | Muttada Circle | 1580 | Er. Navakumar | T K D Road |
| | | | | |
| 9/4/2013 | | | | |
| Tuesday | Pattom Circle | 1282 | Mrs. Irene Bernard | Plamoodu |
| | | | | |
| 12/4/2013 | Statue circle | 1437 | Er. Selvaraj I. | Mathrubhoomi Road |
| Friday | Thycaud Circle | 1763 | Mr. Sekhar Daniel | Oottukuzhi |
| | | | | |
| 16/4/13 | Ulloor Circle | 991 | Mr. Alexander Williams | Karyavattom |
| Tuesday | | | | |
| | | | | |
| 19/4/13 | Charachira Circle | 267 | Dr. Rajeswari Lawrence | Manchadivila |
| Friday | | | | |
| | | | | |
| 23/4/13 | Kowdiyar Circle | 1581 | Mrs. Jaya Prameela J. L. | Pundit's colony |
| Tuesday | LMS-Palayam Circle | 887 | Mr. Sam Nathaniel | Wellington Avenue |
| | | | | |
| 26/4/13 | Muttada Circle | 813 | Er. V S Winfred | Choozhampala |
| Friday | Ambalamukku Circle | 801 | Mr.. Christudas | Ambala nagar |
| | Charachira Crcle | 1197 | Dr. Arther Jacob | charachira |
| | | | | |
| 7/5/2013 | Kowdiyar Circle | 896 | Er. Rajkumar Jesudasan | Jawahar Nagar |
| Tuesday | LMS-Palayam Circle | 1682 | Mr. Robert George | Wellington Ave |
| | | | | |
| 10/5/2013 | Muttada Circle | 1018 | Mr. Wilbert Stanly Atkins | Mannanthala |
| Friday | Nanthancode Circle | 1278 | Mr. Udayakumar | Nanthancode |
| | | | | |
| 14/5/13 | Pattom Circle | 46 | Dr. Sampathkumar Benjamin | Mulavana |
| Tuesday | Statue Circle | 355 | Mr. Fredson Wilfred | Pettah |
| | Thycaud Circle | 1519 | Mr. Anil Kumar D L | Naruvamoodu |
| | | | | |
| 17/5/13 | Ulloor Circle | T 425 | Dr. Rajan V N | Chalakkuzhi |
| Friday | Charachira Circle | 927 | Mr. R J D Prathapan | YMR Jn |
| | | | | |
| | | | | |
| 21/5/13 | Ambalamukku Circle | 809 | Mr. Sam Justus D. | Kallayam |
| Tuesday | Edappazhanji Circle | 1901 | Mr. T M Stephen | Maruthankuzhi |
| | | | | |
| 24/5/13 | Kowdiyar | T507 | Mr. Mohan Raj | jawahar Nagar |
| Friday | Vazhuthacaud | 1675 | Mrs. Sheela Grace | Poojapura |
| | | | | |
| 28/5/13 | LMS-Palayam Circle | 1431 | Mr. Suju Sathyanathan | Lenin Nagar |
| Tuesday | Muttada Circle | 1663 | Mr. Y Ramsus | Marappalam |
| | | | | |
| 31/5/13 | Nanthancode Crcle | 1162 | Er. Vijayakumar S. | Gnanabharanam Lane |
| Friday | Pattom Circle | 1643 | Mr. James Chamers | Barton Hill |



# ഓബോൺ പകൽവീട്

ഓബോൺ പകൽവീടിന്റെ മൂന്നാം വാർഷികം ഫെബ്രുവരി 25-നു റവ. ഡോ. എൽ.ഇ. സഹനം അച്ചന്റെ അദ്ധ്യക്ഷതയിൽ വളരെ ഭംഗിയായി നടത്തപ്പെട്ടു. കാരക്കോണം മെഡിക്കൽ കോളേജിന്റെ പ്രഥമ പ്രിൻസിപ്പാൾ ഡോ. ഗ്ലോറിൻ ജ്ഞാനതങ്കം മുഖ്യ അതിഥിയായിരുന്നു. വാർദ്ധക്യ കാലത്ത് സമയം പ്രയോജനപ്രദമായി ഉപയോഗിക്കേണ്ട വിധങ്ങളെപ്പറ്റിയും, ഈ പ്രായത്തിലെ ശാരീരികവും മാനസികവും ആയ പ്രശ്നങ്ങളെപ്പറ്റിയും അവർ വിശദമാക്കി. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ, മിസ്. ലളിത ജെയിന്റെ ബ്രെയിലി ഉപയോഗിച്ചുള്ള ബൈബിൾ വായന, വോളന്റിയർമാരുടെ സംഘഗാനം എന്നിവ ഉണ്ടായിരുന്നു. പുതിയതായി വന്ന അംഗങ്ങൾക്ക് ഇതൊക്കെയും വിശേഷ അനുഭവമായിരുന്നു. FCI വനിത വിഭാഗ അംഗങ്ങൾ ഈ പ്രത്യേക പരിപാടിയിൽ പങ്കെടുത്തു. ചില അവശ്യ സാധനങ്ങളും സംഭാവനകളും പകൽവീടിന് വനിതാദിനത്തിൽ അവർ നൽകുകയുണ്ടായി. പകൽവീട്ടിലെ അംഗങ്ങളുടെ സംഖ്യ കൂടിയതിനാൽ ഇപ്പോഴുള്ള മാരുതിവാൻ അപര്യാപ്തമായിരിക്കുന്നു. നമ്മുടെ സഭംഗങ്ങളിൽ ആർക്കെങ്കിലും ഒരു വലിയ വാൻ വാങ്ങിത്തരാൻ ദൈവം പ്രേരണ തരുന്നുവെങ്കിൽ സഹായിക്കുവിൻ. പകൽ വീടിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.



**Ph.: 2321552, 9895260052**
(രാവിലെ 10 മുതൽ 4 മണിവരെ),
**കോ-ഓർഡിനേറ്റർ**



YFF visit to Cerebral Palsy Home

# CSI MATEER MEMORIAL CHURCH

## Regular Weekly Programme

Morning Worship (Monday to Saturday) 7.00 a.m

| | | |
|---|---|---|
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 10.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C.R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Samson Nessiah (Secretary) | 2334036 | 9447126931 |
| Mr. T. Jayakumar Alfred (Accountant) | 2534781 | 9895110652 |
| Dr. S.G. Churchin Ben | 2315655 | 9447177666 |
| Mr. Y. Christudas | 2318213 | 9895114633 |
| Mr. Christenson E. Sarasam | 2327722 | 9995100420 |
| Mr. Victor E. Joseph | 2316749 | 9446556749 |
| Er. M. Sam Moses | 2311754 | 9447011754 |
| Dr. Mrs. Sindhuja Suresh | 2533672 | 9747225493 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Grisilda Wills | 2313467 | 9995236650 |
| Mr. K. Hudson | 2355229 | 9446589715 |
| **Church Office** | **2311347** | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

GRACE PRINTERS ; ✆2540523